# പള്ളിപ്പുറം സെന്റ്മേരീസ് ഫൊറോനാപള്ളി



## സ്വർഗ്ഗാരോപണ തിരുനാളിന് ഒരുക്കമായുള്ള
## നവനാൾ ജപങ്ങൾ

### ഗാനം

കന്യകാമാതാവേ, കാരുണ്യത്തികവേ
പള്ളിപ്പുറത്തുവാഴുന്നോരമ്മയേ
വാഴ്ത്തിപ്പാടീടുന്നു.

സ്വർഗ്ഗാരോപിതയായ്-യേശുവിന്നരികിൽ
ത്രിലോകരാജ്ഞി വിൺകിരീടം ചൂടി
വാഴുന്നാനന്ദമായ് (കന്യകാ...........)

ജാതിഭേദമില്ല, വർണ്ണവർഗ്ഗമില്ല
അമ്മയെന്നു വിളിച്ചു കേഴുന്നോരിൽ
നന്മ വർഷിക്കുന്നു (കന്യകാ...........)

കണ്ണീർത്താഴ്‌വരയിൽ നിന്നുകേഴുന്നമ്മേ
അങ്ങേ ദിവ്യനാം പുത്രനോടൊത്തെന്റെ
യാചനകേൾക്കണേ (കന്യകാ...........)

സാധ്യമായീടാത്ത കാര്യങ്ങൾ സർവ്വവും
സാധ്യമാക്കീടാൻ കെല്പെഴും മദ്ധ്യസ്ഥേ
വിണ്ണിൻ രാജകന്യേ (കന്യകാ...........)

പരിശുദ്ധാത്മാവേ, എഴുന്നുള്ളിവരണമേ. അങ്ങേ ദാനങ്ങൾ ഞങ്ങളിൽ വർഷിക്കണമേ. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ഞങ്ങളെ വളർത്തണമേ. ഈ ഇടവകയിലെ തിരുനാളാഘോഷം ഞങ്ങളുടേയും ഞങ്ങളുടെ സഹോദര ങ്ങളുടേയും ആദ്ധ്യാത്മികാഭിവൃദ്ധിക്കും ഈ പ്രദേശത്തിന്റെ പുരോഗതിക്കും പാപികളുടെ മാനസാന്തരത്തിനും കാരണമാക്കണമേ. സ്വർഗ്ഗാരോപിതയായ കന്യാമറിയത്തെ അനുകരിച്ച് സുകൃതങ്ങളിൽ വളരുവാനും ദൈവഹിതത്തിന് പൂർണ്ണമായി കീഴ്വഴങ്ങുവാനും സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ക്കൊണ്ട് ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. ആമ്മേൻ.

കാ. 1. പരിശുദ്ധ ദൈവമാതാവേ, സർവ്വേശ്വരൻ നിന്നെ മോക്ഷത്തിലേയ്ക്ക് വിളിച്ച നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ.

ഉ. ഞങ്ങളും സ്വർഗ്ഗത്തിന് അർഹരായിത്തീരുവാൻ / ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

1 നന്മ

കാ. 2. ദൈവവരപ്രസാദത്തിന്റെ മാതാവേ, നീ മാലാഖമാരാൽ സ്വർഗ്ഗത്തിലേയ്ക്ക് കരേറ്റപ്പെട്ട നാഴിക വാഴ്ത്തപ്പെട്ടതാ കട്ടെ.

ഉ. സ്വർഗ്ഗത്തിലിരുന്ന് / നീ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്ക ണമേ.

1 നന്മ

കാ. 3. എത്രയും നിർമ്മലയായ മാതാവേ, മോക്ഷവാസികൾ നിന്നെ എതിരേൽക്കുവാൻ വന്ന നാഴിക വാഴ്ത്തപ്പെട്ട താകട്ടെ.

ഉ. ഞങ്ങളേയും / മോക്ഷവാസികളുടെ ഗണത്തിൽ ചേർക്കുവാൻ / സർവ്വേശ്വരനോട് പ്രാർത്ഥിക്കണമേ.

1 നന്മ

കാ. 4. അത്യന്ത വിരക്തിയുള്ള മാതാവേ, സർവ്വേശ്വരൻ നിന്നെ മോക്ഷത്തിൽ സ്വീകരിച്ച് ബഹുമാനിച്ച നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ.

ഉ. ജീവിതാവസ്ഥയ്ക്ക് അനുയോജ്യമായ / വിരക്തി പാലിച്ചുകൊണ്ട് ജീവിക്കുവാൻ / ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

1 നന്മ

കാ. 5. കന്യകാത്വം അത്യന്ത വിശ്വസ്തതയോടെ കാത്തുപാലിച്ച പരിശുദ്ധ മറിയമേ, സർവ്വേശ്വരൻ നിന്നെ യേശുവിന്റെ

വലതുഭാഗത്ത് ഉപവിഷ്ഠയാക്കിയ നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ.

ഉ. വൈദികരും സന്യാസിനി സന്യാസികളും / തങ്ങളുടെ ജീവിത വിശുദ്ധി / അന്യൂനം പരിരക്ഷിക്കുവാൻ വേണ്ടി പ്രാർത്ഥിക്കണേ.

1 നന്മ

കാ. 6. ആദ്യാവസാനം കളങ്കരഹിതമായ ജീവിതം നയിച്ച കന്യകാ മറിയമേ, നീ മോക്ഷത്തിൽ മഹത്വത്തിന്റെ മുടി ധരിക്കപ്പെട്ട നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ.

ഉ. ഭാര്യാഭർത്താക്കന്മാർ / ദാമ്പത്യ വിശ്വസ്തത പാലിക്കുന്നതിനും / യുവജനങ്ങളും കുട്ടികളും / നിർമ്മലരായി വളരുന്നതിനും / അവശ്യമായ അനുഗ്രഹങ്ങൾ /ദൈവത്തോട് പ്രാർത്ഥിക്കണമേ.

1 നന്മ

കാ. 7. സ്നേഹഗുണത്തിന്റെ പാത്രമായ മാതാവേ, നീ മോക്ഷത്തിൽ ദൈവത്തിന്റെ മകളും യേശുവിന്റെ അമ്മയും പരിശുദ്ധാത്മാവിന്റെ പ്രിയയും എന്ന നാമങ്ങളാൽ അലങ്കരിക്കപ്പെട്ട നാഴിക വാഴ്ത്തപ്പെട്ട താകട്ടെ.

ഉ. ദൈവസ്നേഹത്തിലും പരസ്നേഹത്തിലും / വളരുവാനുള്ള അനുഗ്രഹം / ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

1 നന്മ

കാ. 8. അദ്ഭുതത്തിനു വിഷയമായ പരിശുദ്ധ കന്യകേ, നീ ത്രിലോക രാജ്ഞിയായി സ്ഥാപിക്കപ്പെട്ട നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ.

ഉ. കുരിശിന്റെ വഴിയിൽ കൂടി സഞ്ചരിച്ച് / മഹത്വത്തിന്റെ കിരീടം പ്രാപിക്കുവാനുള്ള അനുഗ്രഹം / ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

1 നന്മ

കാ. 9. സ്രഷ്ടാവിന്റെ മാതാവായ പരിശുദ്ധ കന്യകേ, മോക്ഷവാസികൾ നിന്നെ കുമ്പിട്ടുവണങ്ങിയ നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ.

ഉ. ഭൂമിയിലെ സകല ജനപദങ്ങളും / സത്യദൈവത്തെ ആരാധിക്കുന്ന ദിവസം / വേഗം വരുവാൻ പ്രാർത്ഥിക്കണമേ.

1 നന്മ

കാ. 10. രക്ഷകന്റെ മാതാവായ മറിയമേ, സ്വർഗ്ഗത്തിൽ ഞങ്ങളുടെ മദ്ധ്യസ്ഥയായി നീ നിയമിക്കപ്പെട്ട നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ.

ഉ. എല്ലാ പാപികൾക്കും വേണ്ടി / മാനസാന്തരത്തിന്റെ വരം പ്രാർത്ഥിക്കണമേ.

1 നന്മ

കാ. 11. അത്യന്തം വിവേകമുള്ള കന്യകയായ മറിയമേ, നീ മോക്ഷത്തിലിരുന്ന് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആരംഭിച്ച നാഴിക വാഴ്ത്തപ്പെട്ടതാകട്ടെ.

ഉ. ഞങ്ങൾ പ്രാവുകളെപ്പോലെ നിഷ്കളങ്കരും / സർപ്പങ്ങളെപ്പോലെ വിവേകികളുമായി ജീവിക്കുവാൻ/ അനുഗ്രഹം പ്രാർത്ഥിക്കണമേ.

1 നന്മ

കാ. 12. വല്ലഭമുള്ള കന്യകയായ മറിയമേ, നീ മോക്ഷത്തിൽ ഞങ്ങളെ സ്വീകരിക്കുന്ന നിമിഷം വാഴ്ത്തപ്പെട്ടതാകട്ടെ.

ഉ. ഞങ്ങൾക്കും മറ്റെല്ലാവർക്കും വേണ്ടി / ഇപ്പോഴും മരണസമയത്തും / ദൈവത്തോട് പ്രാർത്ഥിക്കണമേ.

1 നന്മ

## ഗാനം

പരിശുദ്ധ മറിയമേ
തമ്പുരാന്റെ അമ്മേ പ്രാർത്ഥിക്കണേ
പാപികൾ ഞങ്ങൾക്കായ് പ്രർത്ഥിക്കണേ (2)

മാലാഖമാരണിചേർന്നു പാടി
തംബുരു കിന്നര വീണകളാൽ
സ്വർഗ്ഗത്തിലേക്കു കരേറ്റി നാഥൻ
നിത്യമഹത്വ കിരീടമേകി (പരിശുദ്ധ മറിയമേ......)

സൂര്യനെ ഉടയാടയാക്കിടുന്നു
ചന്ദ്രനെ പാദത്തിൻ പീഠമാക്കി
സർപ്പത്തിൻ തലയെ തകർത്തിടുന്നു
മക്കൾക്കു രക്ഷയ്ക്കായ് എത്തിടുന്നു (പരിശുദ്ധ മറിയമേ......)

മാതാവും കന്യകാ റാണിയും നീ
കറയറ്റോരത്ഭുത ജന്മമല്ലോ
ശാരോണിലെ പനിനീർ സുമമേ
സ്വർഗ്ഗീയകാഞ്ചനതാരകമേ (പരിശുദ്ധ മറിയമേ......)